# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം
# 2018 ജൂൺ 12. ചൊവ്വ

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2324

## സർക്കാർ കോളേജിലേക്കാവശ്യമായ തസ്തികകൾ

**ചോദ്യം** | **മറുപടി**

**ശ്രീ. ആർ. രാമചന്ദ്രൻ** | **ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി)**

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | കരുനാഗപ്പള്ളി മണ്ഡലത്തിലെ തഴവയിൽ ആരംഭിച്ചിട്ടുള്ള സർക്കാർ കോളേജിലേക്കാവശ്യമായ അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ നാളിതുവരെ അനുവദിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | കരുനാഗപ്പള്ളി മണ്ഡലത്തിലെ തഴവ ആർട്സ് ആന്റ് സയൻസ് കോളേജിൽ പ്രിൻസിപ്പൽ, അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും 'ഇത്തരത്തിൽ പുതുതായി ആരംഭിച്ചിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ പ്രവർത്തനത്തിന് ആവശ്യം വേണ്ടുന്ന തസ്തികകളുടെ എണ്ണം ലഭ്യമാക്കുവാൻ' ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയുമാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അനദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) | കോളേജ് ആരംഭിച്ച് 3 വർഷം പൂർത്തീകരിച്ചിട്ടും പ്രിൻസിപ്പാളിന്റെ തസ്തിക അനുവദിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | |
| (സി) | എത്രയും വേഗം ആവശ്യമായ തസ്തികകൾ അനുവദിച്ച് കോളേജിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | |

സെക്ഷൻ ഓഫീസർ